"ഭരണഭാഷ-മാതൃഭാഷ"

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം, കോട്ടയം - വാഴൂർ ഗ്രാമപഞ്ചായത്ത് ആശുപത്രി കെട്ടിടനിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : വാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/01/2021, 24/2/2021 എന്നീ തീയതികളിലെ എ 3/5/2021 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ TCPKTM/139/2021-C** **തീയതി : 29/03/2021**

---

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാഴൂർ വില്ലേജിൽ, ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വെ നമ്പർ 42/3, 42/4, 42/5-ൽപ്പെട്ട 9399.43 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 6741.65 ച.മീ വിസ്തീർണ്ണമുള്ള ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പു വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി /ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.എം.ബി.ആർ അദ്ധ്യായം XVII പ്രകാരമുള്ള സേഫ്റ്റി പ്രൊവിഷനുകൾ പാലിച്ചിരിക്കേണ്ടതാണ്.
3. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
4. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ വരുത്തണം.
5. ചട്ടം 35(2) പ്രകാരം അഗ്നിസുരക്ഷാ കോണിപ്പടി സജ്ജമാക്കേണ്ടതാണ്.
6. ചട്ടം 79(6)(b) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പ വരുത്തണം.
7. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും, വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും , അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
8. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടി സൗകര്യമായ ചട്ടം 42(3) റാമ്പിന്റെ ചെരിവ്, ചട്ടം 42(4) നാലാമത്തെ നിലയിൽ ടോയിലറ്റ് എന്നിവ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.

9. ചട്ടം 41 പ്രകാരം ആർട്ടിഫിഷ്യൽ ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
10. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം. കൂടാതെ നിർദ്ദിഷ്ട നിർമ്മാണസ്ഥലത്തേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിന് ആവശ്യമായ ചരിവ് നൽകേണ്ടതാണ്.
11. പ്ലോട്ടിൽ ഉളവാകുന്ന ഗ്രൗണ്ട് വാട്ടർ, waste water പ്ലോട്ടിനുള്ളിൽ തന്നെ വേണ്ട രീതിയിൽക്രമീകരിക്കേണ്ടതാണ്.
12. കെ.പി.ബി.ആർ–2019 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല . കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 18/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
വാഴൂർ ഗ്രാമപഞ്ചായത്ത്
(പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. ശ്രീ. ബെന്നി ഫിലിപ്പ്, സെക്രട്ടറി, ദിവാൻ ബഹാദൂർ ഡോ. വി. വർഗ്ഗീസ് ഹോസ്പിറ്റൽ ട്രസ്റ്റ് അസോസിയേഷൻ, പി.ഒ.ബോക്സ്–74, തിരുവല്ല–689101.
2. അധികം –1

S/2332021